# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5385** **01.07.2019 ൽ മറുപടിക്ക്**

## തനത് ഉല്പന്നങ്ങളുടെ വ്യാവസായിക മാർക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ശ്രീ. ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വ്യാവസായികമായി മാർക്കറ്റ് കണ്ടെത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വിശദാംശം നൽകാമോ; | എ) സംസ്ഥാനത്തിന്റെ തനത് ഉല്പന്നങ്ങൾക്ക് സ്വദേശത്തും വിദേശത്തും വിപണി കണ്ടെത്തുന്നതിനായി ചുവടെ വിവരിക്കുന്ന പദ്ധതികൾ വ്യവസായ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നു.<br>• **വ്യവസായ പ്രദർശനം**<br>കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും, നേരിട്ട് വിപണനം നടത്തുന്നതിനും, അവ പൊതുസമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി എല്ലാ ജില്ലകളിലും വ്യവസായ പ്രദർശനങ്ങൾ നടത്തി വരുന്നു. 2018-19 വർഷത്തിൽ ജില്ലാതലങ്ങളിൽ 30 മേളകൾ സംഘടിപ്പിച്ചു. അതിൽ 618 സംരംഭകർ പങ്കെടുത്തു.<br>• **മലബാർ ക്രാഫ്റ്റ്സ് മേള**<br>കേരളത്തിലെ പരമ്പരാഗത മേഖലയിൽ നൂതന ആശയങ്ങൾ പങ്കുവയ്ക്കുന്ന കരകൗശല വിദഗ്ധരുടെ സംഗമത്തിനും, പരമ്പരാഗത കരകൗശല ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനുവേണ്ടി മലബാർ ക്രാഫ്റ്റ്സ് മേള സംഘടിപ്പിച്ചുവരുന്നു. 2018 ജനുവരി 16 മുതൽ 30 വരെ പാലക്കാട്ടും, 2019 ഫെബ്രുവരി 24 മുതൽ മാർച്ച് 9 വരെ കണ്ണൂരിലും മലബാർ ക്രാഫ്റ്റ് മേള സംഘടിപ്പിച്ചു<br>• **ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ (IITF)**<br>ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ വച്ച് എല്ലാ വർഷവും നടത്തി വരാറുള്ള ഇന്ത്യ അന്താരാഷ്ട്ര വ്യാപാരമേളയിൽ 2016, 2017 വർഷങ്ങളിൽ കേരളത്തിലെ എല്ലാ ജില്ലകളിൽനിന്നുമുള്ള ചെറുകിട വ്യവസായ സംരംഭകരുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിച്ചതിലൂടെ അവയ്ക്ക് ദേശീയ അന്തർ ദേശീയ വിപണി കണ്ടെത്താൻ സാധിച്ചു. |

- **കേരള അഗ്രോ ഫുഡ് പ്രോ**

കേരളത്തിന്റെ തനത് കാർഷിക ഉത്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടി 'കേരള അഗ്രോ ഫുഡ് പ്രോ 'എന്ന പേരിൽ ഒരു മേള സംഘടിപ്പിച്ചു വരുന്നു. കേരളത്തിലെ കാർഷിക വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉത്പന്നങ്ങളുടെ പ്രദർശനവും, വില്പനയും നടത്തുക എന്നതും അവർക്കാവശ്യമായ നൂതന യന്ത്ര സാമഗ്രികൾ പരിചയപ്പെടുക എന്നതും മേളയുടെ ലക്ഷ്യമാണ്. 2017 ഫെബ്രുവരി മാസത്തിൽ കൊച്ചിയിൽ വച്ചും, 2018 മാർച്ച് മാസത്തിൽ തൃശ്ശൂരിൽ വച്ചും കേരള അഗ്രോ ഫുഡ് പ്രോ സംഘടിപ്പിച്ചു

- **ദേശീയ അന്തർ ദേശീയ പരിപാടികളിൽ പങ്കെടുക്കൽ**

ദേശീയ അന്തർ ദേശീയ തലങ്ങളിൽ കേരളത്തിന്റെ വ്യവസായ അനുകൂല സാഹചര്യങ്ങൾ പ്രചരിപ്പിക്കുന്നതിനും കേരളത്തിലെ വ്യവസായ ഉത്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനുമായി രാജ്യത്തിനകത്തും പുറത്തും നടക്കുന്ന മേളകളിൽ സംരംഭകരെ പങ്കെടുപ്പിച്ച് വരുന്നു. 2016-17, 2017-18, 2018-19 വർഷങ്ങളിൽ ദേശീയ അന്തർ ദേശീയ മേളകളിൽ പങ്കെടുത്തിട്ടുണ്ട്.

ബി) വിവിധതരം ചെറുകിട വ്യവസായങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വ്യവസായ വികസനം സാധ്യമാക്കുന്നതിനായി എന്തെല്ലാം സംവിധാനങ്ങളാണ് വ്യവസായികൾക്കായി തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ബി) കേരളത്തിലെ വിവിധതരം ചെറുകിട വ്യവസായങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വ്യവസായ വികസനം സാധ്യമാക്കുന്നതിനായി സർക്കാർ ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.

**വാണിജ്യ മിഷൻ**

പൊതുമേഖല, ഖാദി ഗ്രാമ വ്യവസായങ്ങൾ, കൈത്തറി കരകൗശല വ്യവസായം, എം.എസ്.എം.ഇ യൂണിറ്റുകൾ, തുടങ്ങിയ സംരംഭങ്ങളിലൂടെ ഉൽപാദിപ്പിക്കപ്പെടുന്ന വിവിധയിനം ഉൽപന്നങ്ങൾക്ക് ദേശീയവും അന്തർദേശീയവുമായി വിപണി കണ്ടെത്തി വ്യവസായ വികസനം സാധ്യമാക്കുന്നതിനും, ഇതിനാവശ്യമായ നടപടികൾ നിർദ്ദേശിക്കുന്നതിനുമായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട്. വിവിധ സർക്കാർ/സർക്കാർ ഇതര ഏജൻസികളുടെ യോജിച്ചുള്ള പ്രവർത്തനത്തിലൂടെ വാണിജ്യ മേഖലയിൽ ആഗ്രഹിക്കുന്ന തരത്തിലുള്ള ലക്ഷ്യം കണ്ടെത്തുക എന്നതിന്റെ അടിസ്ഥാനത്തിലാണ് വാണിജ്യ മിഷൻ അതിന്റെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ വിഭാവനം ചെയ്യുന്നത്.

**ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം**

ഒരേ തരത്തിലുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുകയും ഒരു പ്രദേശത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന വ്യവസായ സംരംഭങ്ങൾക്ക് സഹായകമാകുന്ന വിധത്തിൽ എം.എസ്.ഇ.- സി.ഡി.പി പദ്ധതി കാര്യക്ഷമമായി സംസ്ഥാനത്ത് നാടപ്പിലാക്കിവരുന്നു. ഏകീകൃത അസംസ്കൃത വസ്തുക്കളുടെ ശേഖരണം, ഏകീകൃത വിപണനം, കോമൺ ഫെസിലിറ്റി സെന്റർ എന്നിവയാണ് ഈ പദ്ധതിയിലൂടെ മുഖ്യമായി ലക്ഷ്യമിടുന്നത്. ആകെ പദ്ധതി ചെലവിന്റെ 70% കേന്ദ്ര വിഹിതവും , 20% സംസ്ഥാന സർക്കാർ വിഹിതവും 10% ഉണഭോക്തൃ വിഹിതവുമാണ്.

**വ്യാപാർ (കേരള ബിസിനസ് ടു ബിസിനസ് മീറ്റ് )**

സംസ്ഥാനത്തെ ചെറുകിട വ്യവസായികൾക്ക് നേരിട്ട് രാജ്യത്തിനകത്ത് നിന്നും പുറത്തുനിന്നുമുള്ള ബയർമാരുമായി വ്യാപാര ചർച്ചകൾ നടത്തുന്നതിനുള്ള അവസരം ഒരുക്കുന്നതിന് ബിസിനസ് ടു ബിസിനസ് മീറ്റുകൾ സംഘടിപ്പിച്ചുവരുന്നു.

**എസ്.എം.ഇ പോർട്ടൽ**

സംസ്ഥാനത്തെ ചെറുകിട ഉൽപ്പാദകർക്ക് ദേശീയ അന്തർദേശീയ കമ്പനികളുമായി ബന്ധം സ്ഥാപിക്കുന്നതിനും തങ്ങളുടെ ഉൽപ്പന്നങ്ങളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കി വിവിധ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുവാനും സഹായകമായ തരത്തിൽ എസ്.എം.ഇ പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്.

[signature]

**സെക്ഷൻ ഓഫീസർ**